ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ല	നൽകുവാനുള്ള തുക
1	ആലപ്പുഴ	301800841
2	കാസർഗോഡ്	1087788
3	കൊല്ലം	207043
4	കോട്ടയം	111464241
5	പാലക്കാട്	171292581
6	തൃശ്ശൂർ	23750
7	വയനാട്	378618
	ആകെ	586254862

(ബി) കഴിഞ്ഞ സീസണിൽ സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും നൽകിക്കഴിഞ്ഞു.

(സി) 2013-14 രണ്ടാം സീസണിൽ സംഭരിച്ച നെല്ലിന്റെ വിലയായ 759.37 കോടി രൂപ പൂർണ്ണമായും കർഷകർക്ക് നൽകിക്കഴിഞ്ഞു.

(ഡി) നെല്ല് സംഭരണയിനത്തിൽ സപ്ലൈകോയ്ക്ക് 150.93 കോടി രൂപ സംസ്ഥാന സർക്കാരിൽനിന്നും നൽകേണ്ടതുണ്ട്. ഇതിൽ 100.62 കോടി രൂപ കഴിഞ്ഞ സീസണിൽ നെല്ല് സംഭരിച്ച ഇനത്തിൽ നൽകേണ്ടതാണ്.

കേന്ദ്ര ഭക്ഷ്യ സുരക്ഷാ നിയമം

231(3156) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഭക്ഷ്യസുരക്ഷാനിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് കാർഡുകളിൽ തരം തിരിവ് നടത്താനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ന മുതലാണ് ഇത് നടപ്പിൽ വരുത്തുവാനുദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്രസർക്കാർ ബാങ്കുകളിലൂടെമാത്രമേ സബ്സിഡി നൽകൂ എന്ന വ്യക്തമാക്കിയ സ്ഥിതിക്ക് കേരളത്തിലും അതു നടപ്പിലാക്കുമോ ;

(ഡി) ബാങ്കുവഴി സബ്സിഡി നടപ്പിലാക്കുമ്പോൾ പാവപ്പെട്ട കാർഡുടമകൾ ക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ മുൻഗണനാ കാർഡുകൾ, പൊതുവിഭാഗം കാർഡുകൾ എന്നീ തരത്തിൽ കാർഡുകൾ ഉണ്ടാകും. നിലവിലുള്ള എ.എ.വൈ. കാർഡുകൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടും. മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി നിലവിലെ കാർഡുകൾ പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. 1-9-2015 മുതൽ പുതിയ കാർഡുകൾ നിലവിൽവരുന്ന രീതിയിലാണ് നടപടികൾ ആരംഭിച്ചിട്ടുള്ളത്.

(സി&ഡി) ബാങ്ക്വഴി സബ്സിഡി നൽകുന്നതിനുള്ള കേന്ദ്ര സർക്കാർ നിർദ്ദേശം ലഭിച്ചിട്ടില്ല.

സമ്പൂർണ്ണ-ബയോമെട്രിക് ഐഡന്റിഫിക്കേഷൻ അടിസ്ഥാനമാക്കിയുള്ള സംയോജിത പൊതുവിതരണ സമ്പ്രദായം

232(3157) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ-ബയോമെട്രിക് ഐഡന്റിഫിക്കേഷൻ അടിസ്ഥാനമാക്കിയുള്ള സംയോജിത പൊതുവിതരണ സമ്പ്രദായം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ ;

(സി) ഇതുമൂലം ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly